പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 625 | 3.3.2020 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അനൂപ് ജേക്കബ് : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
| എ) | 'ദൈവത്തിന്റെ സ്വന്തം നാട്' വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന കാര്യത്തിൽ പിന്നിലാണെന്ന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സർവ്വേ സൂചിപ്പിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | കേന്ദ്രസർക്കാരിന്റെ 6-ാമത് സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട പ്രത്യേക വിഷയങ്ങൾ ഒന്നും തന്നെ പ്രതിപാദിക്കുന്നില്ല. |
| ബി) | ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്ന ആദ്യ അഞ്ച് സംസ്ഥാനങ്ങൾ തമിഴ്നാട്, ഉത്തർപ്രദേശ്, കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നിവയാണെന്നും രാജ്യത്തെ 65 ശതമാനം വിനോദ സഞ്ചാരികളും പോകുന്നത് പ്രസ്തുത സംസ്ഥാനങ്ങളിലേക്കാണെന്നും വസ്തുതയാണോയെന്ന് വെളിപ്പെടുത്താമോ; | ബി) | കേന്ദ്രസർക്കാരിന്റെ വിനോദസഞ്ചാര മന്ത്രാലയം പ്രസിദ്ധീകരിച്ച ഇന്ത്യാ ടൂറിസം സ്റ്റാറ്റിസ്റ്റിക്സ് 2018 പ്രകാരം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആദ്യ അഞ്ച് സംസ്ഥാനങ്ങൾ തമിഴ് നാട്, ഉത്തർ പ്രദേശ്, കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നിവയാണ്. രാജ്യത്തെ 65 ശതമാനം വിനോദസഞ്ചാരികളും പോകുന്നത് ഈ സംസ്ഥാനങ്ങളിലേക്ക് ആണെന്നാണ് പ്രസ്തുത കണക്കുകൾ സൂചിപ്പിക്കുന്നത്. |
| സി) | വിനോദ സഞ്ചാരികളെ സംസ്ഥാനത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിനായി, ഇതര സംസ്ഥാനങ്ങൾ നടപ്പിലാക്കുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനായി ടൂറിസം വകുപ്പ് നിരവധി നവീന പദ്ധതികൾ വർഷാവർഷം തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ഓരോ സാമ്പത്തിക വർഷത്തിന്റെയും തുടക്കത്തിൽ വിശദമായ വിപണന പദ്ധതി തയ്യാറാക്കി നടപ്പാക്കുകയാണ് വകുപ്പിന്റെ രീതി. ഇതിനായി ദേശീയ-അന്തർദേശീയ വിപണികൾ ശ്രദ്ധാപൂർവ്വം വിലയിരുത്തിയാണ് ഓരോ വിപണിക്കും അനുയോജ്യമായ രീതിയിലുള്ള വിപണന |

| | | | |
|---|---|---|---|
| | | | തന്ത്രം രൂപപ്പെടുത്തുന്നത്. രാജ്യത്തെ മറ്റേത് സംസ്ഥാനത്തിന്റെയും പ്രചാരണ തന്ത്രങ്ങളിൽ നിന്ന് വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള പ്രചാരണ തന്ത്രങ്ങളാണ് കേരളാ ടൂറിസം എന്നും ആവിഷ്കരിച്ചു പോന്നിട്ടുള്ളത്. വരും വർഷങ്ങളിലും തനതായ വിപണന തന്ത്രങ്ങളുമായി വകുപ്പ് മുന്നോട്ടുപോകുന്നതാണ്. |

സെക്ഷൻ ഓഫീസർ